(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ ഗദ്ദിക എന്ന പേരിൽ നടത്തിയ സാംസ്കാരികോത്സവം വീണ്ടും സംഘടിപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ പാരമ്പര്യകലകൾ പുതുതലമുറയ്ക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുമായി ഗദ്ദിക എന്ന പേരിൽ സാംസ്കാരിക ഉത്സവം ഒരോ വർഷവും സംസ്ഥാനത്തെ 2 ജില്ലകളിൽ സംഘടിപ്പിച്ച് വരുന്നു കോവിഡ് സ്ഥിതി കൂടി വിലയിരുത്തി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

കിഫ്ബി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 82.928 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി

13(*73) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഇല്ല.

(ബി) പ്രസ്തുത ഭവന പദ്ധതിക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(എ) ഭൂമിയുള്ള ഭവനരഹിതർ

1. ഭവന രഹിതരോ വാസയോഗ്യമായ ഭവനമില്ലാത്തവരോ ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി ഒഴികെയുള്ള വിഭാഗത്തിന് ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. നിലവിൽ റേഷൻ കാർഡ് ഉള്ള കുടുംബം, ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയി അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി ഒഴികെയുള്ള വിഭാഗത്തിന് ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയിലല്ലാതെ നാലു ചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കടൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ (എ വിഭാഗത്തിൽ പരിഗണിക്കാം) നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശഭരണ സ്ഥാപന എൻജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ബി) ഭൂരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണം:

1. സ്വന്തമായി ഭൂമി ഇല്ലാത്തവർ.

2. റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമി ഇല്ലാത്തവർ.

3. റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിൽ കൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ .

(സി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതി നിർത്തിവച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഈടും ഉറപ്പുമുള്ള ഭവനം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം പദ്ധതിയും, 50 മീറ്ററിന് പുറത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ലൈഫ് പദ്ധതി വഴിയും ഭവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു

സ്റ്റാർട്ട്-അപ്-ഡ്രീംസ് പ്രോജക്ട്

14 (*74) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ആരംഭിച്ചിട്ടുള്ള സ്റ്റാർട്ട്-അപ്-ഡ്രീംസ് എന്ന പ്രോജക്ട് പ്രകാരം സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇവ ലഭിക്കുന്നത്; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളുടെ സംരംഭകത്വ വികസനത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ടപ്പ് ഡ്രീംസിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ താഴെപറയുന്നവയാണ്:

1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്ക്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ ലഭ്യമാകും.

2. പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ.